# Weekly Devotion May 2016 Week -1

## Merciful and Gracious (കരുണയും കൃപയും)




കരുണയും കൃപയും തമ്മിൽ അഭേദ്യമായ ബന്ധമുണ്ട് . എന്നാൽ ഈ വാക്കുകൾക്ക് അർത്ഥവ്യത്യസമുണ്ട് . നമ്മുടെ പാപങ്ങൾക്ക് അർഹിക്കുന്ന ശിക്ഷ തരാതെ ക്ഷമിക്കുന്നതാണ് കരുണ . അതായത് നമ്മോടുള്ള ദൈവീകദയയാണ് കരുണ അർഹതയില്ലാത്ത വ്യക്തിക്ക് ലഭി

ക്കുന്നതാണ് കൃപ . സകല പാപവും പോക്കി നമ്മെ ശുദ്ധീകരിക്കുന്നവൻ നമ്മോട് കാട്ടിയ ദയയാമ് കൃപ . ഈ കൃപചൊരിയുവാൻ കർത്താവ് കാട്ടുന്ന മനസ്സാണ് കരുണ.

ദയയും , കരുണയും മനുഷ്യജീവിതത്തിൽ പ്രതിഫലിക്കേണ്ട രണ്ടു വിധ ഗുണങ്ങളാണ്. ദയയും മനസ്സലിവും ഉള്ള ഒരു വ്യക്തിയിൽ നിന്നേ കരുണ പ്രതീക്ഷിക്കാനാവുകയുള്ളു . യെരുശലേമിൽ നിന്ന് യെരിഹോ വിലേക്ക് ഒരു മനുഷ്യൻ യാത്ര പോകുമ്പോൾ കള്ളമാരുടെ കയ്യിലകപ്പെട്ടു .ലൂക്കോ. 10.30-37 .അവർ അവന്റെ വസ്ത്രം അഴിച്ച് മുറിവേല്പിച്ച് അർദ്ധപ്രാണനായി വിട്ടേച്ചുപോയി . വിജനമായ ആ വഴിയിൽ കിടന്ന വനെ കണ്ടിട്ടും കാണാതെപോയ  പുരോഹിതനെയും ലേവ്യനേയും ശ്രദ്ധിക്കുക . ഇവർക്ക് ദയയും , മറ്റുള്ളവരോട് മനസ്സലിവും ഇല്ലാത്തവരാ കയാൽ ആണ് ആ മനുഷ്യനോട് കരുണ തോന്നാതെ കടന്നുപോയത് . കരുണയില്ലാത്ത ഇവർ രണ്ടുപേരും സ്വാർത്ഥമതികളാണ് .എന്നാൽ ശമര്യ ക്കാരൻ മനസ്സലിഞ്ഞ് അടുത്ത് ചെന്ന് മുറിവുകൾ കെട്ടി സൗഖ്യമാക്കു വാൻ വഴിയമ്പലത്തിൽ ഏല്പിച്ചു . ഈ ശമര്യനിൽ ദയയും കരുണയും ഉള്ളതിനാലാണ് അപ്രകാരം പ്രവർത്തിപ്പാൻ കഴിഞ്ഞത്. കരുണ ഉള്ളി ടത്തേ ദൈവകൃപയുടെ വ്യാപാരം നടക്കുകയുള്ളൂ.

യഹോവ കരുണയും കൃപയും ഉള്ളവൻ എന്നതിന്റെ തെളിവാണ് തന്നോടൊപ്പം  കാൽവറിയിൽ  ക്രൂശിച്ച ദുഷ്പ്രവർത്തിക്കാ രിൽ ഒരുവൻ'യേശുവേ, നീ രാജത്വം പ്രാപിച്ചുവരുമ്പോൾ എന്നേയും ഓർത്തുകൊള്ളേണമേ' എന്ന യാചനയ്ക്ക് ഉടൻ മറുപടി നൽകിയത്. ' ഇന്ന് നീ എന്നോടുകൂടെ പറുദീസയിലിരിക്കും എന്ന മറുപടി അവന് ഉറപ്പ് നൽകുന്നതായിരുന്നു. യോഹ:(5:1-14) വരെയുള്ള വാക്യങ്ങളിൽ യേശു ബെഥെസ്ദാ കുളക്കരയിലെ മണ്ഡപത്തിൽ ഒരു പാരമ്പര്യക്കാരനെ കാണുവാൻ എത്തിയതായി കാണാം. മുപ്പത്തിയെട്ട് വർഷമായിട്ടുള്ള ആ കിടപ്പിന് അർത്ഥമില്ലാതായത്  ദൂതൻ കലക്കുന്ന വെള്ളത്തിൽ അവന് ഇറ ങ്ങുവാൻ കഴിയാത്തത് മൂലമാണ്. അവനെ അവിടെ എത്തിച്ച കരുണയി ല്ലാത്ത  മനുഷ്യർ ഉപേക്ഷിച്ചിട്ട് പോയി. എന്നാൽ കരുണയുള്ളവൻ സൗഖ്യ

മാകുവാൻ മനസ്സുണ്ടെങ്കിൽ മൂന്ന് കാര്യങ്ങൾ ചെയ്യുവാൻ ആവശ്യപ്പെട്ടു. (1) എഴുന്നേൽക്കണം (2) കിടക്ക എടുക്കണം (3) നടക്കണം. അനുസരിച്ച വന് കൃപ ലഭിക്കുകയും ചെയ്തു. കുറ്റബോധം മനസ്സിലുണ്ടെങ്കിൽ അത് നാഡീവ്യൂഹങ്ങളെയും അവയവങ്ങളെയും തളർത്തുമെന്നാണ് വൈദ്യശാസ്ത്രത്തിന്റെ അഭിപ്രായം. ആരോഗ്യം പരിപാലിക്കണമെങ്കിൽ മനസ്സ് നന്നാക്കുക, സത്യം പറയുക എന്നാണ് അഷ്ടാംഗഹൃദയത്തിൽ (വൈദ്യ ശാസ്ത്രഗ്രന്ഥം) പറയുന്നത്. 'എഴുന്നേറ്റ് കിടക്ക എടുത്ത് നടക്കുക ' എന്നത് അത്ഭുതം പ്രവർത്തിക്കുന്ന ശക്തിയുള്ള വാക്കുകളാണ്. എന്നാൽ ഫലപ്രാപ്തിക്ക് മനുഷ്യന്റെ പ്രയത്നവും ആവശ്യമാണ്.

മുപ്പത്തിയെട്ട് വർഷം തളർന്ന് കിടന്നപ്പോൾ സഹായിക്കാത്തവർ സൗഖ്യമാക്കിയവനെയും , സൗഖ്യം സ്വീകരിച്ചവനെയും വിമർശിക്കുവാൻ മറന്നില്ല. പ്രീയമുള്ളവരേ! ഇന്നും കരുണയില്ലാതെ വിമർശിക്കുന്നവരുണ്ട്. അവരുടെ വാക്കുകൾ ശ്രദ്ധിക്കാതെ യേശു പറയുന്നത് കേൾക്കുക. അധികം തിന്മയായത് ഭവിക്കാതിരിപ്പാൻ പാപം ചെയ്യാത്തവരായി വസിപ്പാൻ ദൈവം കൃപ ചെയ്യട്ടെ.




## പ്രാർത്ഥന

മഹാകരുണയും കൃപയുമുള്ള ദൈവമേ! പാപരഹിതരായി ജീവിപ്പാൻ അങ്ങ് കൃപ ചെയ്യേണമേ. തുടർന്നും അങ്ങയുടെ കരുണയും കൃപയും പ്രാപിച്ച് ജീവിപ്പാൻ സഹായിക്കേണമേ. യേശുവിൻ നാമത്തിൽ തന്നെ , ആമേൻ.

Santhamma Varghese

Website: www.biblestudy.co.in
Email: biblestudy.co.in@gmail.com
Facebook: https://www.facebook.com/biblestudyind